**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 350** **28-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക നയം തുടർന്നാൽ അടുത്ത രണ്ടു വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന ധനവിഹിതത്തിൽ വലിയ കുറവ് ഉണ്ടാകും എന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ സ്വീകരിച്ച വരുന്ന സാമ്പത്തിക നയം സംസ്ഥാന സർക്കാരിന്റെ ധനസ്ഥിയിൽ വൻ ആഘാതമാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാനങ്ങളുമായി പങ്കുവെക്കേണ്ട 31/01/2016-ൽ 9.48 രൂപയുണ്ടായിരുന്ന എക്സൈസ് നികുതി നിലവിലെ 2.98 രൂപയായി കുറയുകയും, 31.01.2016-ലെ പങ്കുവെക്കേണ്ടതല്ലാത്ത സെസ്സും അഡീഷണൽ നികുതിയും 12 രൂപയിൽ നിന്നും 30 രൂപയായി ഉയർത്തുകയും ചെയ്തതു കാരണം സംസ്ഥാന സർക്കാറുകൾക്ക് ആയിരക്കണക്കിന് കോടി രൂപയാണ് വർഷംതോറും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മാറ്റം വരുത്തിയത് കാരണം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും സംസ്ഥാനത്തിനു ലഭിക്കേണ്ട തുകയിൽ വൻ കുറവ് വന്നിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം പതിനാലാം ധനകാര്യ കമ്മീഷൻ കാലയളവിലെ 2.5%-ൽ നിന്നും 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്. ഇന്ത്യൻ സമ്പദ് വ്യവസ്ഥ അടുത്ത രണ്ട് വർഷങ്ങളിൽ പ്രതീക്ഷിച്ച വളർച്ചാനിരക്ക് കൈവരിക്കാതിരിക്കുകയും നികുതി വരുമാനം കുറയുകയും ചെയ്താൽ കേന്ദ്ര നികുതി വിഹിതത്തിൽ ആനുപാതികമായ കുറവുണ്ടാകാൻ സാദ്ധ്യതയുണ്ട്. കൂടാതെ, 2022 ജൂലൈ മാസത്തിനു ശേഷം GST കോമ്പൻസേഷൻ തുടരുന്നതു സംബന്ധിച്ച് GST Council ഇതുവരെ തീരുമാനം എടുത്തിട്ടില്ല. ഇത് വലിയ നഷ്ടമുണ്ടാക്കും. കൂടാതെ ഏകപക്ഷീയമായി വെട്ടികുറക്കപ്പെട്ട |

| | | | |
|---|---|---|---|
| | | | പങ്കുവെക്കപ്പെടേണ്ട കേന്ദ്രനികുതി വിഹിതം വലിയ വരുമാനക്കുറവ് ഉണ്ടാക്കുന്നുണ്ട്. കൂടാതെ കോർപറേറ്റുകൾക്ക് നൽകിയ നികുതി ഇളവുകൾ വഴി നഷ്ടപ്പെടുന്ന ലക്ഷക്കണക്കിനു കോടി രൂപയുടെ നഷ്ടം 'ഡിവിസിബിൾ പൂൾ' വിഹിതത്തിൽ വൻ കുറവ് വരുത്തുന്നു. RD Grant ഇനത്തിൽ 2021-22-ൽ 19,891 കോടി രൂപയും 2022-23-ൽ 13,174 കോടി രൂപയും 2023-24-ൽ 4749 കോടി രൂപയുമാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ വകയിരുത്തിയിട്ടുള്ളത്. RD Grant കുറഞ്ഞു വരുന്നതും ധനവിഹിതത്തിൽ കുറവുണ്ടാക്കുന്നതിന് ഇടയാക്കും. |
| (ബി) | സംസ്ഥാനത്തെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പരിഗണനയും പിന്തുണയും കേന്ദ്ര സർക്കാർ നൽകുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി-യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പരിഷ്കാരങ്ങൾ സംസ്ഥാനം നടപ്പിലാക്കുകയും അധിക വായ്പ നേടി എടുക്കുകയും ചെയ്തിട്ടുണ്ട്. 03.08.2021-ൽ കേന്ദ്ര സർക്കാരിന്റെ എമർജൻസി റെസ്പോൺസ് പാക്കേജിലേക്കായി 289.82 കോടി രൂപയുടെ പ്രോപ്പോസലുകൾ നാഷണൽ ഹെൽത്ത് മിഷൻ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. 267.35 കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്രം അംഗീകരിച്ചത് (160.41 കോടി കേന്ദ്ര വിഹിതവും 106.94 കോടി സംസ്ഥാന വിഹിതവും). ഇതിന്റെ ആദ്യ ഗഡുവായി 26.08 കോടി രൂപയും രണ്ടാം ഗഡുവായി 60.86 കോടി രൂപയും ഇതുവരെ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2021-22-ൽ കോവിഡ്-19 മഹാമാരി സംസ്ഥാന സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചതിന്റെ പശ്ചാത്തലത്തിൽ മൂലധന ചെലവിന്റെ ലക്ഷ്യങ്ങൾക്ക് വിധേയമായിട്ടുള്ള 0.50% വായ്പ ഉൾപ്പെടെ സംസ്ഥാനത്തിന്റെ വായ്പാപരിധി GSDP-യുടെ 4 ശതമാനമായി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, നടപ്പ് സാമ്പത്തിക വർഷം ഊർജ്ജമേഖലയിലെ പരിഷ്കരണങ്ങൾക്കും ധനഉത്തരവാദിത്ത നിയമത്തിന്റെ ഭേദഗതിയ്ക്കും |

| | | | |
|---|---|---|---|
| | | | വിധേയമായി GSDP-യുടെ 0.50% അധിക വായ്പയും അനുവദിക്കുന്നതാണ്. |
| (സി) | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളുടെ ഭാഗമായി വിവിധ പദ്ധതികളിൽ ലഭിച്ചിരുന്ന സബ്സിഡികളിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2015-16 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം 100%, 90%, 75% എന്നതിൽ നിന്ന് 60% മായി (കേന്ദ്ര സംസ്ഥാന വിഹിതം 60:40) ഏകീകരിച്ചു. ഇതു മൂലം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭിക്കുന്ന സബ്സിഡി വിഹിതത്തിൽ സംസ്ഥാനത്തിന് ആനുപാതികമായ കുറവ് ഉണ്ടായിട്ടുണ്ട്. കേന്ദ്ര ബജറ്റിൽ 2020-21 (RE)-നെ അപേക്ഷിച്ച്, 2021-22 (BE)-ൽ Fertilizers, Food, petroleum എന്നീ സബ്സിഡിയിനത്തിൽ ഉണ്ടായിട്ടുള്ള കുറവ് താഴെ പറയുന്നു; (തുക കോടിയിൽ) Item 2020-21 (RE) 2021-22 (BE) % change Fertilizers 133947 79530 -41 Food 422618 242836 -43 Petroleum 38790 12995 -66 Total 595355 335361 -44 കേന്ദ്ര ബഡ്ജറ്റിലെ 2020-21 (RE)-നെ അപേക്ഷിച്ച്, 2021-22 (BE)-ൽ Fertilizers, food, petroleum എന്നീ സബ്സിഡികളിൽ യഥാക്രമം 41%, 43%, 66%-ത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളത്. പെട്രോളിയം സബ്സിഡി, LPG, മണ്ണെണ്ണ എന്നിവയ്ക്കാണ്. കേന്ദ്ര സർക്കാരിന്റെ സബ്സിഡി വെട്ടിച്ചുരുക്കൽ നയത്തിന്റെ ഭാഗമായിട്ടാണ് സബ്സിഡി ഇനത്തിൽ കുറവുണ്ടായിട്ടുള്ളത്. ആയതിനാൽ കേന്ദ്ര സർക്കാരിൽ നിന്ന് വിവിധ പദ്ധതികളിൽ ലഭിക്കുന്ന സബ്സിഡികളിൽ ആനുപാതികമായ കുറവ് ഉണ്ടാകും. |
| (ഡി) | സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ജനക്ഷേമ പരിപാടികളുമായി മുന്നോട്ടുപോകാൻ സംസ്ഥാനം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധിമൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനം ഗണ്യമായി കുറയുകയും ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട കോവിഡ് അനുബന്ധചെലവുകളും, ക്ഷേമ വികസന ചെലവുകളും ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. കിഫ്ബി, Rebuild Kerala Initiative എന്നിവ മുഖാന്തിരം കൂടുതൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് മൂലധന ചെലവ് വർദ്ധിപ്പിച്ചും, 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് സാമ്പത്തിക ഉത്തേജക പാക്കേജ്, ക്ഷേമ പെൻഷനുകൾ, സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ വായ്പാ പദ്ധതികൾ, സബ്സിഡികൾ എന്നിവയിലൂടെ കൂടുതൽ പണം ജനങ്ങളുടെ കൈകളിൽ എത്തിച്ച് സമ്പദ് വ്യവസ്ഥയെ വളർച്ചയുടെ പാതയിലേക്ക് തിരിച്ചുകൊണ്ടു വരുന്നതിനുള്ള നടപടികൾക്കാണ് ഊന്നൽ നൽകിട്ടുള്ളത്. സംസ്ഥാനത്തെ കോവിഡ് സാഹചര്യം നിയന്ത്രണ വിധേയമാകുകയും, |

| | | | |
|---|---|---|---|
| | | | സാമ്പത്തിക പ്രവർത്തനങ്ങൾ പൂർണ്ണതോതിലേയ്ക്ക് തിരിച്ചു വരികയും ചെയ്യുന്ന സാഹചര്യത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യചെലവുകൾ വെട്ടിക്കുറച്ചും ജനക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ